# ലോക്ഡൗൺ കാലയളവിലെ വേതനം - സുപ്രീം കോടതി ഉത്തരവ് ശ്ലാഘനീയം

**പി.എം. ശങ്കരൻ**

*നാഷണൽ പ്രസിഡന്റ്, ഇന്ത്യൻ ബേക്കേഴ്സ് ഫെഡറേഷൻ*

കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ സ്ഥാപനങ്ങൾ അടച്ചിടാൻ നിർബ്ബന്ധിച്ച അതേ സർക്കാരുകൾതന്നെ വരുമാനം ഒന്നും ഇല്ലാതെ പ്രതിസന്ധിയിലകപ്പെട്ട സ്ഥാപനങ്ങളോട് എല്ലാ ജീവനക്കാർക്കും മുഴുവൻ വേതനവും നൽകണമെന്നുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തു. ലോക്ഡൗൺ മൂലം ബുദ്ധിമുട്ടുന്ന ജീവനക്കാരും സഹായം അർഹിക്കുന്നുണ്ട് എന്ന കാര്യത്തിൽ ഒരു തർക്കവും ഇല്ല. പക്ഷേ അവരെ സഹായിക്കാൻ സ്ഥാപനങ്ങൾ പൂട്ടിച്ച സർക്കാരുകൾ ഒരു പദ്ധതിക്കും രൂപം നൽകിയില്ല. പ്രതിസന്ധി ഘട്ടങ്ങളിൽ ജീവനക്കാർക്ക് സംരക്ഷണം നൽകാനാണ് എന്ന് പറഞ്ഞ് അവരിൽനിന്നും തൊഴിലുടമകളിൽനിന്നും പിരിച്ചെടുത്തിട്ടുള്ള ഇ.എസ്.ഐ. ഫണ്ടിൽ അധിക കരുതൽധനമായി ഉള്ള തൊണ്ണൂറായിരം കോടി രൂപയുടെ ഒരു ഭാഗം വിനിയോഗിച്ച് നിയമാനുസൃതമായ തൊഴിലില്ലായ്മ ബത്ത അനുവദിക്കാൻപോലും ജീവനക്കാർക്ക് വേതനം നൽകാൻ ഒരു വരുമാനവും ഇല്ലാത്ത തൊഴിലുടമകളെ നിർബ്ബന്ധിക്കുന്ന അധികാരികൾ തയ്യാറാവുകയുണ്ടായില്ല.

ഈ സാഹചര്യത്തിലാണ് തൊഴിലുടമാ സംഘടനകൾ സുപ്രീം കോടതിയെ സമീപിക്കാൻ നിർബ്ബന്ധിതമായത്. തർക്കത്തിലുള്ള ഉത്തരവുകൾ അവഗണിച്ചുകൊണ്ട് ജീവനക്കാരും തൊഴിൽ ഉടമകളും തമ്മിൽ ചർച്ച ചെയ്ത് അഭിപ്രായ സമന്വയം ഉണ്ടാക്കാനാണ് സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ളത്. തൊഴിലുടമകളും ജീവനക്കാരും തമ്മിലുള്ള തർക്കങ്ങൾ കോടതിയിൽ നിയമയുദ്ധം വഴി പരിഹരിക്കുന്നതിനു പകരം സൗഹാർദ്ദപരമായ ചർച്ചകളിലൂടെ പരിഹരിക്കേണ്ടതുണ്ട് എന്ന സുപ്രീം കോടതിയുടെ നിർദ്ദേശം എല്ലാ നിലക്കും സ്വാഗതാർഹമാണ്. തൊഴിലുടമയും ജീവനക്കാരും തമ്മിലുള്ള നിയമ യുദ്ധത്തിൽ ആര് ജയിച്ചാലും അത് അവർ തമ്മിലുള്ള നല്ല ബന്ധത്തിന് വിള്ളൽ ഉണ്ടാക്കും എന്ന കാര്യത്തിൽ തർക്കമില്ല. ജോലി ഒന്നും ചെയ്യാതെ വീട്ടിലിൽ ഇരുന്ന ദിവസങ്ങൾക്ക് മുഴുവൻ വേതനവും വേണം എന്ന നിലപാട് ബഹുഭൂരിപക്ഷം ജീവനക്കാർക്കുപോലും ഇല്ല എന്നതാണ് വസ്തുത. ലോക്ഡൗൺ വേജസിനെ സംബന്ധിച്ച് തൊഴിലുടമയും ജീവനക്കാരും തമ്മിൽ ഉള്ളുതുറന്ന് ചർച്ച ചെയ്താൽ ഒരുപാട് സ്ഥാപനങ്ങളിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. ആ നിലക്ക് സുപ്രീം കോടതിയുടെ ഉത്തരവ് ജീവനക്കാർക്കും ഗുണകരമാണ്. അപ്രകാരം പ്രശ്നം പരിഹരിച്ചാൽ തർക്കത്തിലുള്ള സർക്കാർ ഉത്തരവുകൾക്ക് പ്രസക്തി ഇല്ല എന്നാണ് സുപ്രീം കോടതി ഉത്തരവിൽനിന്നും മനസ്സിലാക്കേണ്ടത്. അതായത് വിവാദ ഉത്തരവുകൾക്ക് നിയമപ്രാബല്യം ഇല്ല എന്നുതന്നെയാണ് സുപ്രീം കോടതി വ്യംഗ്യമായി സൂചിപ്പിച്ചിട്ടുള്ളത്. സ്ഥാപനങ്ങൾക്കെതിരെ ഒരു തരത്തിലുമുള്ള നിയമനടപടികൾ ഉണ്ടാകാൻ പാടില്ല എന്ന സുപ്രീം കോടതിയുടെ ശ്രദ്ധേയമായ നിർദ്ദേശം സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഏറെ ആശ്വാസത്തിന് വക നൽകുന്നതാണ്. സുപ്രീം കോടതിയുടെ ഇത്തരത്തിലുള്ള ഇടപെടലിനുവേണ്ടി ഹർജി സമർപ്പിക്കാൻ മുൻകൈ എടുത്തത് ഫ്രിസിൽ മാത്രമായിരുന്നു. ഫ്രിസിൽ ഏവരുടേയും അഭിനന്ദനങ്ങൾ അർഹിക്കുന്നുണ്ട്.

എന്ന്,

സ്നേഹത്തോടെ,

**പി.എം. ശങ്കരൻ**